**പതിനാലാം കേരള നിയമസഭ**

**പതിനാറാംപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1923** **10.03.2020 - ൽ മറുപടിക്ക്.**

**റേഷൻ കാർഡ് മുഖേന നൽകിവരുന്ന അരിയുടെ അളവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | കേരളത്തിൽ 2018, 2019 വർഷങ്ങളിൽ എത്ര റേഷൻ കാർഡുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | **(എ)** | 2018, 2019 വർഷങ്ങളിലായി 8643619 റേഷൻ കാർഡുകൾ നിലവിലുണ്ട്. |
| **(ബി)** | മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും സബ്സിഡി നിരക്കിൽ എത്ര കിലോ അരിയാണ് ഒരു വ്യക്തിക്ക് നല്കി വരുന്നതെന്നും എത്ര രൂപയ്ക്കാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ; | **(ബി)** | മുൻഗണനേതര സബ്സിഡി വിഭാഗത്തിൽ കാർഡിലെ ഓരോ അംഗത്തിനും 2 കിലോഗ്രാം അരി വീതം കിലോഗ്രാമിന് 4 രൂപാ നിരക്കിൽ വിതരണം നടത്തി വരുന്നു. |
| **(സി)** | ഇപ്പോൾ നൽകി വരുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | **(സി)** | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം നിരവധി തവണ കത്തുകളിലൂടെയും ഗവർണ്ണർമാരുടെ സമ്മേളനത്തിലും എം.പിമാരുടെ കോൺഫറൻസിലും ഉന്നയിക്കുകയും ബഹു.ഭക്ഷ്യ വകുപ്പ മന്ത്രിതലത്തിലും ബഹു. മുഖ്യമന്ത്രിതലത്തിലും സർവ്വകക്ഷിതലത്തിൽ ബഹു.പ്രധാനമന്ത്രിയെ നേരിട്ട് കണ്ടും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ എ.പി.എൽ വിഹിതത്തിലുള്ള കേരളത്തിന്റെ ഓഫ് ടേക്കിന്റെ വാർഷിക ശരാശരി കണക്കിലെടുത്താണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നതെന്നതിനാൽ കേരളത്തിനു മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് നിലവിൽ കേന്ദ്രസർക്കാരിൽ നിന്ന് അറിയിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**